# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2618 09.03.2017-ലെ മറുപടി

### കാസർഗോഡ് ജില്ലയിലെ കടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ കാസർഗോഡ് ജില്ലയിൽ അനുമതി ലഭിച്ചിട്ടും പ്രവൃത്തി തുടങ്ങാൻ സാധിക്കാത്ത ഏതൊക്കെ കുടിവെള്ള പദ്ധതികളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | എ കാസർഗോഡ് ജില്ലയിൽ അനുമതി ലഭിച്ചിട്ടും പ്രവൃത്തി തുടങ്ങാൻ സാധിക്കാത്ത കുടിവെള്ള പദ്ധതികൾ താഴെപ്പറയുന്നു.<br>1. എം.എൽ.എ എ.ഡി.എഫ് ഹെഡിൽപ്പെട്ട കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിക്ക വേണ്ടിയുള്ള കുടിവെള്ള പദ്ധതി . ഈ പദ്ധതിയുടെ സ്രോതസ്സുമായി ബന്ധപ്പെട്ട സ്ഥലവാസികളുന്നയിച്ച തർക്കം കാരണം തുടങ്ങുവാൻ സാധിച്ചിട്ടില്ല.<br>2. എം.പി എൽ.എ.ഡി ഹെഡിൽപ്പെട്ട പുത്തിഗെ പഞ്ചായത്തിൽപ്പെട്ട കണ്ണൂർ കാമനവയൽ കുടിവെള്ള പദ്ധതി, മുകാരികണ്ടം കുടിവെള്ള പദ്ധതി<br>3. മൈനോറിറ്റി ഹെഡിൽപ്പെട്ട മംഗൽപ്പാടി പഞ്ചായത്തിലെ അഡ്ക കുടിവെള്ള പദ്ധതി, കഞ്ചിലമിയാപടവ് പദ്ധതി, മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഹൈഡിലോഡി കുടിവെള്ള പദ്ധതി, കുമ്പടജെ പഞ്ചായത്തിലെ പി.ബി.എം സ്കൂൾ മാവിനക്കട്ട കുടിവെള്ള പദ്ധതി.<br>4. ബന്തടുക്ക കരിവേടകം കുടിവെള്ള പദ്ധതി<br>മേൽ പദ്ധതികൾ (2-4) സ്ഥലം ലഭ്യമാക്കാത്തതിനാലാണ് തുടങ്ങുവാൻ സാധിക്കാത്തത്.<br>ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് ബാച്ചുകളിലായി കാസർഗോഡ് ജില്ലയിൽ കുടിവെള്ള വിതരണ പദ്ധതിയ്ക്കായി പുല്ലൂർ-പെരിയ, പുത്തിഗെ, പടന്ന, ബളാൽ, പൈവളികെ, ദേലംപാടി, ഈസ്റ്റ് എളേരി, ബെള്ളൂർ, കിണാനൂർ-കരിന്തളം, മീഞ്ച എന്നീ ഗ്രാമപഞ്ചായത്തുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഈ ഗ്രാമപഞ്ചായത്തുകളിൽ അനുമതി ലഭിച്ചിട്ടുള്ള ജലനിധി പദ്ധതികൾ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതാണ്. പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തുന്ന പദ്ധതികളുമുണ്ട്. |
| ബി പ്രസ്തുത പദ്ധതികൾ തുടങ്ങുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | ബി മേൽ പദ്ധതികളിൽ ഒന്നാമത്തേതിൽ പ്രസ്തുത പദ്ധതിയുടെ സ്രോതസ്സുമായി ബന്ധപ്പെട്ട് സ്ഥലവാസികൾ ഉന്നയിച്ച തർക്കം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.<br>മേൽപ്പറഞ്ഞ 2, 3, 4 പദ്ധതികൾക്ക് പഞ്ചായത്തിൽ നിന്ന് സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ